(സി) പി.പി.എ.യിലെ നിർദ്ദിഷ്ടമായ പ്ലാന്റ് ലോഡ് ഫാക്ടറിനു വിധേയമായി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി മുഴുവനും വാങ്ങാമെന്ന് 1995-ലെ പവർ പർച്ചേസ് എഗ്രിമെന്റിൽ വ്യവസ്ഥയുണ്ട്.

(ഡി) വൈദ്യുതിയുടെ വില നിശ്ചയിക്കുന്നത് പദ്ധതി ചെലവ്, ഇന്ധന വില, പ്ലാന്റിന്റെ കാര്യക്ഷമത എന്നിവയെ ആശ്രയിച്ചാണ്. ഇന്ധന വില കൂടുതലായതാണ് താപനിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വില കൂടുതലാകാൻ കാരണം.

(ഇ) 1.694 മില്യൻ യൂണിറ്റ് വൈദ്യുതി.

(എഫ്) 85 ശതമാനം പീക്ക്‌ലോഡ് സമയത്ത് ഉൽപ്പാദിപ്പിച്ചു.

79 (988) പവ്വർ പർച്ചേസ് എഗ്രിമെന്റ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ. ബാബു :
ശ്രീ. അടൂർ പ്രകാശ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യും എൻ.ടി.പി.സി.യും തമ്മിൽ കായംകുളം തെർമ്മൽ പവ്വർ പ്ലാന്റിലെ വൈദ്യുതി വാങ്ങുന്നത് സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള പവ്വർ പർച്ചേസ് എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി പ്രസ്തുത പ്ലാന്റിൽ നിന്നും എടുക്കാൻ കെ.എസ്.ഇ.ബി. ബോർഡ് ബാദ്ധ്യസ്ഥരാണ് എന്നറിയിക്കുമോ;

(ബി) ഇത്രയും വൈദ്യുതി എടുക്കാത്ത പക്ഷം കെ.എസ്.ഇ.ബി., എടുക്കാനിരുന്ന ഓരോ യൂണിറ്റ് വൈദ്യുതിയും എന്തു തുക വീതം നൽകണം;

(സി) ഇത്തരത്തിൽ ഇതുവരെ വൈദ്യുതി എടുക്കാതിരിക്കുന്നതുമൂലം കെ.എസ്.ഇ.ബി., എൻ. ടി.പി.സി.ക്ക് ഒട്ടാകെ എന്തു തുക നൽകേണ്ടതുണ്ട്?

ഉത്തരം

(എ) പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി എടുക്കാമെന്ന് കരാറിൽ വ്യവസ്ഥയില്ല.

(ബി)&(സി)പ്രസക്തമല്ല.

80 (989) വൈദ്യുതി ഉൽപ്പാദന രംഗത്ത് സ്വയംപര്യാപ്തത

ശ്രീ. വെങ്ങാനൂർ പി.ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-ാം ആണ്ടോടെ വൈദ്യുതി ഉത്പാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ഏതെങ്കിലും പുതിയ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈദ്യുതി വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ ജില്ലയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) അതിൽ എത്ര സബ്സ്റ്റേഷനുകൾ പുതുതായി സ്ഥാപിക്കുവാൻ പദ്ധതിയുണ്ടെന്നും അവയുടെ ശേഷി എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) പദ്ധതി പ്രകാരം തീരുമാനിച്ചതിൽ പൂർത്തിയാക്കിയവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പൂർത്തിയാകാത്ത പദ്ധതികളുടെ നിലവിലുള്ള സ്ഥിതിവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഇല്ല.

(സി) ടെക്നോപാർക്ക്, മെഡിക്കൽകോളേജ്, അരുവിക്കര, കിളിമാനൂർ എന്നീ 110 കെ.വി. സബ്സ്റ്റേഷനുകളുടെ പണി പൂർത്തിയായിട്ടുണ്ട്. ഇപ്പോൾ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന പാറശ്ശാല, ടേർഡ് എന്നീ 110 കെ.വി.സബ്സ്റ്റേഷനുകളും വട്ടിയൂർക്കാവ്, ജി.ഐ.എസ്.കൺട്രോൺമെന്റ്, ജി.ഐ.എസ്.പവർഹൗസ് എന്നീ 66 കെ.വി. സബ്സ്റ്റേഷനുകൾ എന്നിവ കൂടാതെ ആർ.ഇ.സി.യുടെ ധനസഹായത്തോടെ തിരുവനന്തപുരം ജില്ലക്കും മുഴുവൻ പ്രയോജനം വരത്തക്കവിധത്തിൽ 55 കോടി രൂപ ചിലവു വരുന്ന ഒരു പദ്ധതി 110 കെ.വി., 33 കെ.വി. സബ്സ്റ്റേഷനുകളും, ലൈനും ഉൾപ്പെടുത്തി 1998-99 സാമ്പത്തിക വർഷത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇതിനു പുറമേ നെടുമങ്ങാട് ഡിവിഷനിൽ പ്രത്യേകമായി 33 കെ.വി.സബ്സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള നിർദ്ദേശങ്ങൾ 1999-2000 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കി ആർ.ഇ.സി.യുടെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ട്.

(ഡി) 33/11 കെ.വി.സബ്സ്റ്റേഷനുകൾ 4 എണ്ണം.

1. പൂവാർ – 2 x 5 എം.വി.എ.
2. ബാലരാമപുരം – 1 x 5 എം.വി.എ.
3. കല്ലമ്പലം – 2 x 5 എം.വി.എ.
4. കടയ്ക്കാവൂർ – 1 x 5 എം.വി.എ.

66 കെ.വി.സബ്സ്റ്റേഷനുകൾ 110 കെ.വി.ആയി ഉയർത്തുന്നത്-2എണ്ണം

1. ആറ്റിങ്ങൾ – 2 x 16 എം.വി.എ.
2. വർക്കല – 2 x 40 എം.വി.എ.

(ഇ) ടെക്നോപാർക്ക്, അരുവിക്കര, മെഡിക്കൽ കോളേജ്, കിളിമാനൂർ എന്നീ 110 കെ.വി.സബ്സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു.

(എഫ്) നിലവിലുള്ള സബ്സ്റ്റേഷനുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് ഉണ്ടാക്കുന്നുണ്ട്. 33 കെ.വി.സബ്സ്റ്റേഷൻ പണിയുന്നതിനുള്ള സ്ഥലം അക്വയർ ചെയ്യുവാനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly